**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില ) ,സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ(എസ് ഡി ഇ ) എന്നിവയുമായി ചേർന്ന് സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആൻഡ് ഡെവലപ്മെന്റ് സ്റ്റഡീസ് (എസ് ജി റ്റി ഡി എസ് ) നടത്താൻ ഉദ്ദേശിക്കുന്ന Post Graduate Diploma in "Gender and Local Governance" ,Post Graduate Diploma in" Decentralization and Local Governance " എന്നീ വിഷയങ്ങളിലുള്ള ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകുന്നത് സംബന്ധിച്ച് -അക്കാദമിക് കൗൺസിൽ സ്റ്റാൻഡിങ് കമ്മിറ്റി യോഗത്തിന്റെ ശുപാർശകൾ -അംഗീകരിച്ച് -ഉത്തരവ് - പുറപ്പെടുവിക്കുന്നു

---

ACAD

നമ്പർ. 3591/AC A 5/2020/എം.ജി.യു                    പ്രിയദർശിനി ഹിൽസ്,തീയതി: 08.08.2020

---

*പരാമർശം:*-1 .സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആൻഡ് ഡെവലപ്മെന്റ് സ്റ്റഡീസ് പഠനവകുപ്പ് മേധാവിയുടെ കത്ത് ,തീയതി 01.07.2020.

2. 17. 07.2020 -ന് വീഡിയോ കോൺഫെറൻസ് മുഖേന കൂടിയ അക്കാദമിക് കൗൺസിലിന്റെ സ്റ്റാൻഡിങ് കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ:3/31337/AC A5-2/2020/REG SECT.

**ഉത്തരവ്**

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനും (കില ) ,സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷനും(എസ് ഡി ഇ ) , സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആൻഡ് ഡെവലപ്മെന്റ് സ്റ്റഡീസും (എസ് ജി റ്റി ഡി എസ് ) സംയുക്തമായി Post Graduate Diploma Course in Gender and Local Governance , Post Graduate Diploma Course in Decentralization and Local Governance എന്നീ വിഷയങ്ങളിൽ ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സുകൾ 2020-2021 അദ്ധ്യേന വർഷം മുതൽ ആരംഭിക്കുന്നതിനുള്ള ഭരണാനുമതി അഭ്യർത്ഥിച്ച് പഠനവകുപ്പ് മേധാവി കത്ത് സമർപ്പിച്ചിരുന്നു .

വൈസ് ചാൻസലറുടെ 14.07.2020 തീയതിയിലെ ഉത്തരവിൻ പ്രകാരം പ്രസ്തുത വിഷയം അക്കാദമിക് കൗൺസിലിന്റെ സ്റ്റാൻഡിങ് കമ്മിറ്റിയിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചു .

പരാമർശം (2) പ്രകാരം കൂടിയ അക്കാദമിക് കൗൺസിലിന്റെ സ്റ്റാൻഡിങ് കമ്മിറ്റി യോഗം ,കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില ) ,സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ(എസ് ഡി ഇ ) എന്നിവയുമായി ചേർന്ന് സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആൻഡ് ഡെവലപ്മെന്റ് സ്റ്റഡീസ്(എസ ജി റ്റി ഡി എസ് ) നടത്താൻ ഉദ്ദേശിക്കുന്ന Post Graduate Diploma in "Gender and Local Governance" ,Post Graduate Diploma in Decentralization and Local Governance എന്നീ വിഷയങ്ങളിലുള്ള ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നല്കുന്നത് താഴെ പറയുന്ന തിരുത്തലുകൾ /നിർദ്ദേശങ്ങളോടുകൂടി അംഗീകരിക്കുന്നതിന് ശുപാർശ ചെയ്തു .

Draft #2 of File 31337/AC A5-2/2020/REG SECT Approved by ASSISTANT REGISTRAR III (ACADEMIC) on 08-Aug-2020 12:21 PM - Page 1

1. കോഴ്സ് എന്ന് നൽകിയിടത്തെല്ലാം പ്രോഗ്രാം എന്ന് തിരുത്തുക .
2. സിലബസുകളുടെ ഉള്ളടക്കം വർദ്ധിപ്പിക്കുക .
3. ക്ലാസുകളുടെ സമയപരിധി വർദ്ധിപ്പിക്കുക .
4 .പ്രോഗ്രാമുകൾ പൂർണ്ണമായും ഓൺലൈൻ ക്ലാസുകൾ ആക്കാതെ കുറച്ച് ക്ളാസുകൾ കിലായിലും കുറച്ച് ക്ളാസുകൾ സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആൻഡ് ഡെവലൊപ്മെന്റ് സ്റ്റഡീസിലും നടത്തേണ്ടതാണ്.
5. എൻ .ജി .ഒ കളിൽ പ്രവർത്തിക്കുന്നവർക്കും ഗുണം കിട്ടത്തക്ക വിധത്തിൽ പ്രസ്തുത ക്ളാസുകളിലേക്കുള്ള പ്രവേശന മാനദണ്ഡത്തിൽ മാറ്റം വരുത്തേണ്ടതാണ് .
6 .സർക്കാർ മാനദണ്ഡങ്ങൾക്കനുസരിച്ചാണോ കോഴ്സ് കാലാവധി ക്രമപ്പെടുത്തിയിട്ടുള്ളതെന്ന് ഉറപ്പു വരുത്തേണ്ടതാണ്.
7. യൂണിവേഴ്സിറ്റിക്ക് സാമ്പത്തിക ബാധ്യത വരില്ലെന്ന് MoU-വിൽ ഉറപ്പുവരുത്തേണ്ടതാണ് .
8. ഫീസിനത്തിൽ കിട്ടുന്ന തുക പൂർണമായും യൂണിവേഴ്സിറ്റിക്ക് ലഭിക്കും എന്നത് MoU- വിൽ ഉറപ്പുവരുത്തേണ്ടതാണ് .
9 .ഫാക്കൽറ്റികൾക്കുള്ള പ്രതിഫലം കില നൽകുമെന്നുള്ളത് MoU -വിൽ ഉറപ്പുവരുത്തേണ്ടതാണ് .

ടി ശുപാർശകൾ 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട്, അദ്ധ്യായം III. 10 (17) വകുപ്പ് പ്രകാരം വൈസ് ചാൻസിലർ അംഗീകരിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജോണി കെ എബ്രഹാം

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)

പകർപ്പ്

1. ബന്ധപ്പെട്ട പഠന വകുപ്പ് മേധാവിമാർ(എസ് ജി റ്റി ഡി എസ് ,എസ് ഡി ഇ ) ,ഡയറക്ടർ ,കില (എസ് ജി റ്റി ഡി എസ് പഠനവകുപ്പ് മേധാവി മുഖേന )
2. വിസി, പിവിസി എന്നിവരുടെ പിഎസ് മാർ
3.രജിസ്ട്രാർ , സി ഇ ,എഫ് .ഓ എന്നിവരുടെ പി എ മാർ
4 .എ ആർ III/ ഡി ആർ II (അക്കാദമിക് )/ ജെ ആർ II(ഭരണവിഭാഗം )
5. ഐക്യുഎസി/ സി എം എസ് സെക്ഷനുകൾ

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

Draft #2 of File 31337/AC A5-2/2020/REG SECT Approved by ASSISTANT REGISTRAR III (ACADEMIC) on 08-Aug-2020 12:21 PM - Page 2